**ക്രമപ്രശ്നം**

## ധനാഭ്യാർത്ഥനയുടെ പേര് മാറ്റിയത് സംബന്ധിച്ച്

ശ്രീ. അനൂപ് ജേക്കബ് : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം '244 ഡി', ബഡ്ജറ്റ് മാന്വലിലെ '233 ഡി' എന്നതിനകത്ത് എസ്റ്റിമേറ്റുകൾ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടത് ഏത് രൂപത്തിലാണ് നിർദ്ദേശിക്കുകയെന്നത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ കർത്തവ്യമായി വിവക്ഷിച്ചിട്ടുണ്ട്. 2018-19-ലേയ്ക്കുള്ള ധനാഭ്യർത്ഥനകളിലും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിലും ഖണ്ഡിക 7 –ൽ ചരക്ക് സേവന നികുതി നടപ്പിലാക്കിയ പശ്ചാത്തലത്തിൽ 'കാർഷികാദായ നികുതിയും വിൽപ്പന നികുതിയും' എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയുമെന്ന്' 2018-19 മുതൽ പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള മാറ്റം വരുത്തിയത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണോ അല്ലയോ എന്നുള്ളത് പരാമർശിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ചുതന്നെ അതിനകത്ത് 'സംഭരണച്ചെലവ്' എന്ന പുതിയൊരു മേജർ ഹെഡ്ഡ് വന്നിട്ടുണ്ട്. അതും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ

അംഗീകാരം നേടിയിട്ടുണ്ടോ ഇല്ലയോ എന്ന് സൂചിപ്പിച്ചിട്ടില്ല. ഇതിനുപുറമെ മേജർ ഹെഡ്ഡുകളുടെയും മൈനർ ഹെഡ്ഡുകളുടെയും പട്ടികയിൽ വരുത്തിയ തിരുത്തലുകളുടെ അടിസ്ഥാനത്തിൽ 2230- 'തൊഴിലും തൊഴിൽ സൗകര്യങ്ങളും' എന്ന മേജർ ഹെഡ്ഡിന്റെ പേര് 'തൊഴിലും തൊഴിൽ സൗകര്യങ്ങളും നൈപുണ്യ വികസനവും' എന്ന് 2018-19 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പുനർനാമകരണം ചെയ്തതായി പരാമർശിച്ചിട്ടുണ്ട്. ഇതിനൊന്നും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരം നേടിയതായി പരാമർശിച്ച് കാണുന്നില്ല. നടപടിക്രമങ്ങൾ പാലിക്കാതെ മാറ്റംവരുത്തിയ ധനാഭ്യർത്ഥനകളും മേജർ ഹെഡ്ഡുകളും ഉൾക്കൊള്ളുന്നൊരു ധനവിനിയോഗ ബില്ലാണ് ഇപ്പോൾ സഭയുടെ മുമ്പാകെ വന്നിരിക്കുന്നത്. ഇനി നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽതന്നെ ഇതിനെസംബന്ധിച്ചുള്ള പ്രീസീഡൻസുണ്ട്. ഇങ്ങനെവരുന്ന മാറ്റങ്ങൾ ബന്ധപ്പെട്ട ഡോക്യുമെന്റിൽ പരാമർശിച്ചിട്ടുള്ള പ്രീസീഡൻസ് നമ്മുടെ മുന്നിലുണ്ട്. അതിൽ രണ്ടെണ്ണം ഞാനിവിടെ പരാമർശിക്കാം. 2012-13-ൽ ഡോക്യുമെന്റ് ഖണ്ഡിക 8-ൽ ഡിമാൻഡിന്റെ ഭാഗമായിരുന്ന മേജർ ഹെഡ്ഡ് മറ്റൊരു ഡിമാൻഡിലേയ്ക്ക് മാറ്റിയത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് എന്ന് സൂചിപ്പിച്ചത് കാണാൻ കഴിയുന്നുണ്ട്.

അതുപോലെ 2013-14-ൽ ഡോക്യുമെന്റ് ഖണ്ഡിക 8-ൽ 'തൊഴിലും തൊഴിലാളിക്ഷേമവും' എന്ന XIV- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും' എന്നും 'സാമൂഹ്യവികസനം' എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'ഗ്രാമവികസനം' എന്നും ഭേദഗതി ചെയ്തത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഇപ്പോൾ ഇവിടെ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഒപ്പംതന്നെ കീഴ്വഴക്കങ്ങളിൽനിന്നുള്ള വ്യതിചലനങ്ങൾ ഇവിടെ കാണാൻകഴിയുന്നു. അതുകൊണ്ട് ഇത് ക്രമപ്രകാരമല്ലയെന്നതാണ് ഞാൻ ഉന്നയിക്കുന്നത്. അത് സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, നികുതി സംബന്ധിച്ച ശീർഷകത്തിലും തൊഴിൽ സംബന്ധിച്ച ശീർഷകത്തിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പക്ഷെ മാറ്റങ്ങൾ വരുത്തുന്നതിന് കംപ്ട്രോളർ ആന്റ്

ആഡിറ്റർ ജനറലിന്റെ 19.06.2017-ലെ കറക്ഷൻ സ്ലിപ്പ് 854-ന്റെയും 21.03.2017-ലെ കറക്ഷൻ സ്ലിപ്പ് 835-ന്റെയും നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ ലഭിച്ചതിനെത്തുടർന്ന് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരവും വാങ്ങിയിട്ടുണ്ട്. നികുതി സംബന്ധിച്ച ശീർഷകത്തിലെ ഭേദഗതിക്ക് 16.08.2017-ൽ കൂടിയ എസ്റ്റിമേറ്റ് കമ്മിറ്റിയിലും തൊഴിൽ സംബന്ധിച്ച ശീർഷകത്തിലെ ഭേദഗതിക്ക് 11.01.2018 -ൽ കൂടിയ എസ്റ്റിമേറ്റ് കമ്മിറ്റിയിലും അംഗീകാരം നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച നിയമസഭാ സെക്രട്ടേറിയറ്റിന്റെ കുറിപ്പും എന്റെ കയ്യിലുണ്ട്. ഡിമാൻഡ്സിന്റെ ആമുഖത്തിൽ ഒരു പാരഗ്രാഫിൽ പ്രത്യേകമായി ഇങ്ങനെ മാറ്റം വരുത്തിയിരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ട്. എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരമുണ്ടോ, എ.ജി.യുടെ നിർദ്ദേശമുണ്ടോ എന്നൊന്നും പറഞ്ഞിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. പക്ഷെ അതൊക്കെ നടപടിക്രമങ്ങളാണ്. ആ നടപടിക്രമങ്ങൾ പാലിച്ചികൊണ്ടുതന്നെയാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്ന ഒന്നല്ല.

<u>മി. ചെയർമാൻ :</u> ഡോക്യുമെന്റിൽ അത് ചേർത്തില്ലെന്നതാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെ ചേർക്കണമെന്ന് ഒരു ചട്ടത്തിലും പറയുന്നില്ല.

ശ്രീ. അനൂപ് ജേക്കബ് : അങ്ങനെ ചേർത്തിട്ടുള്ളതായി കീഴ്വഴക്കമുണ്ടെന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.